18 (328) കോമ്പൗണ്ടിംഗ് ഫീസ്

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാപാരികളിൽ നിന്നും ഈടാക്കുന്ന കോമ്പൗണ്ടിംഗ് ഫീസ് സമീപകാലത്തു വർദ്ധിപ്പിക്കുകയുണ്ടായോ;

(ബി) വർദ്ധിപ്പിക്കുന്നതിനു മുമ്പ് ഇതു സംബന്ധിച്ച് വ്യാപാരികളു മായോ ജനപ്രതിനിധികളുമായോ ചർച്ച ചെയ്യുകയുണ്ടായോ;

(സി) കോമ്പൗണ്ടിംഗ് ഫീസ് വർദ്ധിപ്പിക്കാൻ സ്വീകരിച്ച മാനദണ്ഡ മെന്താണ്?

ഉത്തരം

(എ) കോമ്പൗണ്ടിംഗ് തുക ഒരുലക്ഷത്തിൽനിന്നും അഞ്ചുലക്ഷമായി വർദ്ധിപ്പിച്ചു.

(ബി) ഇല്ല.

(സി) കോമ്പൗണ്ടിംഗ് ഫീസ് പരമാവധി ഈടാക്കാവുന്നത് നികുതി വെട്ടിപ്പു നടത്താൻ ഉദ്ദേശിച്ച തുകയുടെ തുല്യമായി നിജപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ മുമ്പുള്ള മാനദണ്ഡത്തിൽനിന്നും വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ ഒരു ലക്ഷത്തിൽ കൂടുതലുള്ള നികുതി വെട്ടിപ്പു കണ്ടുപിടിച്ചാലും കോമ്പൗ ണ്ടിംഗ് ഫീസ് ഒരുലക്ഷം രൂപമാത്രമേ മുമ്പ് ഈടാക്കാൻ കഴിയുമായിരുന്നു ള്ളു. ഈ പോരായ്മ പരിഹരിക്കുന്നതിനാണ് ഇപ്പോൾ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നത്.

19 (329) സംസ്ഥാനത്തിന്റെ വരുമാനം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96 മുതൽ ഓരോ സാമ്പത്തിക വർഷവും 2000 ജനുവരി 31 വരെ വിൽപ്പന നികുതി, എക്സൈസ് നികുതി; സ്റ്റാമ്പ് ഡ്യൂട്ടി, കാർഷികാ ദായ നികുതി; വാഹന നികുതി എന്നീ ഇനങ്ങളിൽ ലഭിച്ച വരുമാനം എത്ര വീതമാണ്;

(ബി) പ്രസ്തുത സാമ്പത്തികവർഷങ്ങളിൽ ഈ ഇനങ്ങളിൽനിന്നും എന്തു തുക വീതം സ്വരൂപിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്;

(സി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ഓരോന്നിലും മുൻവർഷത്തേക്കാൾ എത്ര ശതമാനം അധികം തുക ഓരോ ഇനത്തിൽ നിന്നും ലഭിക്കുകയുണ്ടായി; വിശദമാക്കാമോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly

(എ) ഓരോ ഇനത്തിലും ലഭിച്ച വരുമാനം (31/1/2000 വരെ തുക കോടിയിൽ)

ഇനം	1995-96	96-97	97-98	98-99	99-2000
വിൽപ്പനനികുതി	2285.96	2772.28	3084.09	3366.62	2749.38
എക്സൈസ് നികുതി	449.29	418.53	543.41	529.62	470.89
സ്റ്റാമ്പ്ഡ്യൂട്ടി	239.33	237.20	206.42	219.09	195.97
കാർഷികാദായ നികുതി	26.08	12.10	21.38	27.02	7.49
വാഹന നികുതി	222.87	247.59	301.63	350.30	431.00

(ബി) ഓരോ ഇനങ്ങളിലും സ്വരൂപിക്കാൻ ലക്ഷ്യമിട്ടിരുന്ന തുക (കോടിയിൽ)

ഇനം	1995-96	96-97	97-98	98-99	99-2000 31/1/2000 വരെ
വിൽപ്പനനികുതി	1930.00	2500.00	3276.00	3828.00	3453
എക്സൈസ് നികുതി	370.02	250.00	418.55	614.25	675.06
സ്റ്റാമ്പുഡ്യൂട്ടി	340.00	296.00	345.00	340.00	277.11
കാർഷികാദായ നികുതി	27.00	28.35	30.60	26.00	25.00
വാഹന നികുതി	164.73	225.00	343.00	425.00	431.00

(സി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ഓരോന്നിലും മുൻവർഷത്തേക്കാൾ അധികമായി ലഭിച്ച തുകയുടെ കണക്ക്.

ഇനം	1995-96	96-97	97-98	98-99	99-2000
വിൽപ്പന നികുതി	23%	(+) 21%	(+) 11%	(+) 9%	
എക്സൈസ് നികുതി	(+) 25.69%	- 9.31%	+ 12.98%	-9.74%	
സ്റ്റാമ്പ്ഡ്യൂട്ടി	+5.8%	-0.9%	-14.9%	+6.13%	
കാർഷികാദായ നികുതി	+51%	-54%	77%	+ 26%	
വാഹന നികുതി	--	+11.10%	+12.18%	+11.60%	

20 (330) വ്യയനിയന്ത്രണം

<u>പ്രൊഫ. എ.വി. താമരാക്ഷൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly